**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4104** **28-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ചികിത്സാ പദ്ധതികളിലെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സൗജന്യ ചികിത്സാ പദ്ധതികളിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക വർദ്ധിച്ചതിനാൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിക്കാൻ സ്വകാര്യ ആശുപത്രി മാനേജ്മെന്റ് അസോസിയേഷൻ തീരുമാനിച്ചതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജനങ്ങൾക്ക് ഉപകാരപ്രദമായ വളരെ മികച്ച രീതിയിലാണ് നാളിതു വരെയും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുമായി എല്ലാ സ്വകാര്യ ആശുപത്രികളും സഹകരിച്ചിട്ടുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ എംപാനൽ ചെയ്ത ആശുപത്രികൾ എന്ന നിലക്ക് തുടർന്നും ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കണം എന്ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷനുമായി നടത്തിയ യോഗത്തിൽ അഭ്യർഥിക്കുകയും രോഗികളുടെ തുടർ ചികിത്സയ്ക്ക് ഒരു മുടക്കവും വരാത്ത രീതിയിൽ തന്നെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആശുപത്രിക്ക് തുക നല്കുന്നതാണെന്നുമുള്ള വിവരം അസോസിയേഷനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. അതനുസരിച്ച് പ്രൈവറ്റ് ആശുപത്രികൾ അവരുടെ പൂർണ്ണ സഹകരണം അറിയിക്കുകയും നിലവിൽ യാതൊരു തടസ്സവും കൂടാതെ തന്നെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ 444.6 കോടി രൂപ സർക്കാർ-സ്വകാര്യ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ സൗജന്യ ചികിത്സ പദ്ധതികളിൽ ആകെ എത്ര രൂപയാണ് നിലവിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്കായി നൽകാനുള്ളതെന്ന് അറിയിക്കാമോ; പദ്ധതികളും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ആരോഗ്യ സ്ഥാപനങ്ങൾക്കായി വിവിധ പദ്ധതികളിൽ നൽകാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി-1255 കോടി<br><br>ആരോഗ്യ കിരണം പദ്ധതി-3 .99 കോടി<br><br>കാരുണ്യ ബെനവലന്റ് ഫണ്ട്- 217.68കോടി |

| | | | |
|---|---|---|---|
| | | | ഹൃദ്യം -10.38 കോടി<br><br>അമ്മയും കുഞ്ഞും -34.87 കോടി<br><br>ആർ.ബി.എസ്.കെ -10.12 കോടി |
| (സി) | പ്രസ്തുത ചികിത്സ പദ്ധതികളിലെ ഗുണഭോക്താക്കളുടെ ആകെ എണ്ണം എത്രയാണെന്നും ഓരോ പദ്ധതിയിലും ഉൾപ്പെട്ടിട്ടുള്ള എ.പി.എൽ., ബി.പി.എൽ. ,സ്ത്രീ,പുരുഷൻ എന്നിങ്ങനെ ഗുണഭോക്താക്കളുടെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം എന്നീ ചികിത്സാ പദ്ധതിയ്ക്ക് കീഴിൽ നാളിതുവരെ ചികിത്സ നേടിയ രോഗികളുടെ ജെൻഡർ തിരിച്ചുള്ള കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ഡി) | ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര വിഹിതം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | 42.45 ലക്ഷം കുടുംബങ്ങളാണ് സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇതിൽ 23.97 ലക്ഷം കുടുംബങ്ങൾക്കുള്ള പദ്ധതി സേവനങ്ങൾക്ക് മാത്രമാണ് കേന്ദ്ര വിഹിതം ലഭ്യമാകുന്നത്. നാളിതുവരെ ഈ പദ്ധതി പ്രകാരം (3 ജൂൺ 2024 വരെ ഉള്ള കണക്കുകൾ പ്രകാരം) 21,40,329 ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകിയതു വഴി ചെലവ് ഇനത്തിൽ 5416.62 കോടി രൂപയുടെ സേവനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. ഓരോ കുടുംബത്തിനും ചികിത്സ ലഭ്യമാക്കുന്നതിനുള്ള കഴിഞ്ഞ വർഷത്തെ പ്രതിശീർഷ ചെലവ് 3,681 രൂപയായിരുന്നു. എന്നാലും നാഷണൽ ഹെൽത്ത് അതോറിറ്റി (NHA) 1,052/- രൂപ പ്രീമിയം കണക്കാക്കി 631.20 രൂപ മാത്രമാണ് പ്രതിശീർഷ ചെലവായി അനുവദിക്കുന്നത്. ഈ കണക്കിൽ 23.97 ലക്ഷം കുടുംബങ്ങൾക്കുള്ള തുകയായ 655.34 കോടി രൂപ മാത്രമാണ് കേന്ദ്ര വിഹിതമായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചിട്ടുള്ളത്. ഫലത്തിൽ പദ്ധതിയുടെ ആകെ ചെലവിന്റെ ഏകദേശം 12 ശതമാനം മാത്രമാണ് കേന്ദ്രവിഹിതമായി ലഭ്യമാകുന്നത്. ബാക്കിയുള്ള തുക പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു.<br><br>പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയുമായി ചേർന്നുകൊണ്ട് സംസ്ഥാനത്തു നടപ്പാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് മുൻവർഷങ്ങളിലെ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. എന്നാൽ നടപ്പു സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിൽ 50% മാത്രമാണ് ഇതുവരെ ലഭ്യമായത്. |

| | | | |
|---|---|---|---|
| | | | ഹൃദ്യം, ആർ.ബി.എസ്.കെ ,അമ്മയും കുഞ്ഞും എന്നീ പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിൽ ആണ് അനുവദിക്കേണ്ടത്. എന്നാൽ 2023-24 മുതൽ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. 2023 -2024 സാമ്പത്തിക വർഷം 636.88 കോടി രൂപയുടെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പദ്ധതികളാണ് കുടിശ്ശികയായിട്ടുള്ളത്. |
| (ഇ) | കേന്ദ്ര വിഹിതമുള്ള പദ്ധതികളുടെ നാളിതുവരെയുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര വിഹിതം ലഭിക്കാനുള്ളതെന്നും ലഭിക്കാനുള്ള തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ; | (ഇ) | ഉത്തരം (ഡി) പിരിവിൽ ചേർത്തിരിക്കുന്നു |
| (എഫ്) | ആശുപത്രികൾ സാധാരണക്കാരന് ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിന് കുടിശ്ശിക തുകകൾ അടിയന്തരമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (എഫ്) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ABPMJAY-KASP | | | | | |
|---|---|---|---|---|---|
| ജെൻഡർ | ചികിത്സ ലഭിച്ച രോഗികളുടെ എണ്ണം | | | | |
| | FY 20-21 | FY21-22 | FY22-23 | FY 23-24 | FY 24-25 |
| സ്ത്രീ | 146123 | 302692 | 351908 | 332905 | 58488 |
| ആൺ | 116437 | 238711 | 274674 | 269397 | 48903 |
| ട്രാൻസ്ജെൻഡർ | 12 | 23 | 36 | 14 | 5 |
| ആകെ മൊത്തം | 262572 | 541426 | 626618 | 602316 | 107396 |

| ജെൻഡർ | ആരോഗ്യ കിരണം | | |
|---|---|---|---|
| | ചികിത്സ ലഭിച്ച രോഗികളുടെ എണ്ണം | | |
| | FY 22-23 | FY 23-24 | FY 24-25 |
| സ്ത്രീ | 5866 | 10637 | 618 |
| ആൺ | 7214 | 13281 | 959 |
| ട്രാൻസ്ജെൻഡർ | 0 | 2 | 0 |
| ആകെ മൊത്തം | **13080** | **23920** | **1577** |

| ജെൻഡർ | കെ ബി എഫ് | | | | |
|---|---|---|---|---|---|
| | ചികിത്സ ലഭിച്ച രോഗികളുടെ എണ്ണം | | | | |
| | FY 20-21 | FY 21-22 | FY 22-23 | FY 23-24 | FY 24-25 |
| സ്ത്രീ | 1433 | 4405 | 6671 | 5808 | 920 |
| ആൺ | 2225 | 7266 | 11652 | 9752 | 1492 |
| ട്രാൻസ്ജെൻഡർ | 0 | 1 | 0 | 0 | 0 |
| ആകെ മൊത്തം | **3658** | **11672** | **18323** | **15560** | **2412** |

Shaila. M

സെക്ഷൻ ഓഫീസർ